# കേരളസർവകലാശാല

നം.പി.ആർ.217/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ഒന്നാംവർഷ ബിരുദ പ്രവേശനം നാലാം അലോട്ട്മെന്റ് (2nd Supplementary) കോളേജ് പ്രവേശനം നവംബർ 6 മുതൽ 11 വരെ

നാലം അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈനായി സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതാണ്. കോളേജിൽ അഡ്മിഷൻ എടുക്കുന്നതിനുള്ള അവസാന തീയതി നവംബർ 11. താൽക്കാലിക അഡ്മിഷൻ സൗകര്യം നാലാം അലോട്ട്മെന്റിൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിച്ചവരും മുൻ അലോട്ട്മെന്റുകളിൽ താൽക്കാലിക അഡ്മിഷൻ എടുത്ത് നൽക്കുന്നവരും നവംബർ 11 ന് മുൻപ് കോളേജിൽ ഹാജരായി പെർമനന്റ് അഡ്മിഷൻ എടുത്തില്ലെങ്കിൽ അവരുടെ അഡ്മിഷൻ ക്യാൻസൽ ആകുന്നതാണ്.

നാലാം അലോട്ട്മെന്റ് ലഭിച്ചവർ അവർക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ നിർബന്ധമായും ഹയർ ഓപ്ഷനുകൾ ക്യാൻസൽ ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അടുത്ത അലോട്ട്മെന്റിൽ ഹയർ ഓപ്ഷനുകൾ പരിഗണിക്കുന്നതും അതിൽ പുതിയ അലോട്ട്മെന്റ് ലഭിക്കുകയാണെങ്കിൽ അത് സ്വീകരിക്കേണ്ടതുമാണ്. പെർമനന്റ് അഡ്മിഷൻ എടുത്തു എന്നുള്ളതുകൊണ്ട് ഹയർ ഓപ്ഷനുകൾ തനിയെ ക്യാൻസൽ ആകുകയില്ല എന്ന കാര്യം ശ്രദ്ധിക്കണം. അവ വിദ്യാർത്ഥികൾ തന്നെ ക്യാൻസൽ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### കേരളസർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശനം 2020 – ഫീസ് അടയ്ക്കാം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും യു.ഐ.ടി.കളിലെയും ബിരുദാനന്തബിരുദ കോഴ്സുകളിലേക്ക് ഫസ്റ്റ് അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് സർവകലാശാല അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള അവസാന തീയതി നവംബർ 9 വൈകുന്നേരം 5 മണി വരെ ദീർഘിപ്പിച്ചിരിക്കുന്നു.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ മാർച്ച് 2020 ബി.എ. (സി.ബി.സി.എസ്.) മ്യൂസിക് പ്രോഗ്രാമിന്റെ (റെഗുലർ 2018 അഡ്മിഷൻ, ഇംപ്രൂവ്മെന്റ് 2017 അഡ്മിഷൻ, സപ്ലിമെന്ററി – 2014, 2015, 2016

അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷ നവംബർ 11 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

നാലാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്.സി. (2018 അഡ്മിഷൻ റെഗുലർ, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2016, 2015 & 2014 അഡ്മിഷൻ സപ്ലിമെന്ററി) ബോട്ടണി, കമ്പ്യൂട്ടർ സയൻസ് എന്നീ വിഷയങ്ങളുടെ പ്രാക്ടിക്കൽ യഥാക്രമം നവംബർ 18, 20 തീയതികളിൽ ആരംഭിക്കുന്നതാണ്. ഗവ.കോളേജ് കുളത്തൂരിലെ വിദ്യാർത്ഥികൾ ബയോകെമിസ്ട്രി വിഷയത്തിന് ഗവ.കോളേജ്, കാര്യവട്ടത്തും സ്റ്റാസ്റ്റിക്സ് വിദ്യാർത്ഥികൾ കെ.എൻ.എം. ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്, കാഞ്ഞിരംകുളത്തും, ജ്യോഗ്രഫി, സുവോളജി, കെമിസ്ട്രി, ജിയോളജി വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജിലും പ്രാക്ടിക്കൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ യഥാക്രമം നവംബർ 9 മുതൽ 12 വരെയും മൈനർ പ്രോജക്ട് പരീക്ഷ നവംബർ 13 മുതലും നടത്തുന്നതാണ്. യു.ഐ.ടി. ഇട്ടിവ സെന്ററിൽ നടത്താനിരുന്ന പ്രാക്ടിക്കൽ പരീക്ഷ യു.ഐ.ടി. ഏരൂറിലും എസ്.എൻ.ജി.എം. തുറവൂരിലേത് എസ്.എൻ. ചേർത്തലയിലും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബയോടെക്നോളജി (മൾട്ടി മേജർ) കോഴ്സിന്റെ (കോർ – കെമിസ്ട്രി) പ്രാക്ടിക്കൽ പരീക്ഷകളും ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ കോംപ്ലിമെന്ററി – കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകളും യഥാക്രമം നവംബർ 10, 11 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി കോഴ്സിന്റെ കോംപ്ലിമെന്ററി – ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകളും, ബി.എസ്.സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി കോഴ്സിന്റെ കോർ – ബയോകെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷകളും യഥാക്രമം നവംബർ 11, 13 തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

2020 ജനുവരിയിൽ നടത്തിയ അവസാന വർഷ ബി.ഫാം. (സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും നവംബർ 12 മുതൽ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ്, തിരുവനന്തപുരം, ഗവ.മെഡിക്കൽ കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

സർവകലാശാലയുടെ മനഃശാസ്ത്രവിഭാഗം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് (ജറിയാട്രിക്സ്) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എം.എസ്. ഹോട്ടൽ മാനേജ്മെന്റ് (2019 അഡ്മിഷൻ റെഗുലർ, 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 അഡ്മിഷൻ സപ്ലിമെന്ററി) ബി.എസ്.സി. ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് സയൻസ് (2014 – 16 അഡ്മിഷൻ സപ്ലിമെന്ററി) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ

നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ എം.എസ്.സി. കമ്പ്യൂട്ടേഷണൽ ബയോളജി (2018 – 2020), സി.എസ്.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

## എം.എസ്.ഡബ്ല്യൂ., എം.എ.എച്ച്.ആർ.എം., – പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

2020 – 21 അദ്ധ്യയന വർഷത്തേക്കുള്ള ലയോള കോളേജ് ഓഫ് സോഷ്യൽ സ്റ്റഡീസ്, ശ്രീകാര്യത്തെ എം.എസ്.ഡബ്ലൂ., എം.എ.എച്ച്.ആർ.എം., കോഴ്സുകളിലേക്കും, ഡോൺ ബോസ്കോ കോളേജ്, കൊട്ടിയത്തെ എം.എസ്.ഡബ്ല്യൂ. കോഴ്സിലേക്കും അഡ്മിഷൻ നേടിയവരുടെ പ്രൊവിഷണൽ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സീറ്റ് ഒഴിവ്

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ഹിസ്റ്ററി പഠനവകുപ്പിൽ ഒന്നാം വർഷ എം.എ.ഹിസ്റ്ററി (സി.എസ്.എസ്.) 2020 – 21 പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിൽ ഒരു സീറ്റ് ഒഴിവുണ്ട്. അർഹരായിട്ടുള്ളവർ അസൽ രേഖകളുമായി നവംബർ 10 ന് രാവിലെ 10 മണിക്ക് ഡിപ്പാർട്ട്മെന്റ് ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 – 2308839, 09446533386 എന്ന നമ്പറുകളിൽ ബന്ധപ്പെടുക.

## പി.ജി.ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല ഫിലോസഫി പഠനഗവേഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ഫിലസോഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച് നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ ഫിലോസഫിക്കൽ കൗൺസിലിംഗ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

കോഴ്സ് കാലാവധി: ഒരു വർഷം (രണ്ട് സെമസ്റ്റർ), കോഴ്സ് ഫീസ്: 20,000/– വിദ്യാഭ്യാസയോഗ്യത: 50% മാർക്കോടെ അംഗീകൃതസർവകലാശാല ബിരുദം (ഫിലോസഫി, സൈക്കോളജി, സോഷ്യോളജി, സയൻസ് മുതലായ വിഷയങ്ങളിൽ ബിരുദം ഉള്ളവർക്ക് മുൻഗണന), സീറ്റുകളുടെ എണ്ണം: 30 (ജനറൽ – 24, പട്ടികജാതി – 5, പട്ടികവർഗം – 1) അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 25. അപേക്ഷാഫോമിന്റെ വില: 100/– രൂപ.

അപേക്ഷാഫോറം തപാലിൽ ലഭിക്കാൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന എസ്.ബി.ഐ. ബാങ്കിൽ നിന്നെടുത്ത 100/– രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സ്വന്തം മേൽവിലാസം എഴുതി സ്റ്റാമ്പ് പതിച്ച കവർ സഹിതം അപേക്ഷിക്കുക. അപേക്ഷാഫോം സെന്ററിന്റെ വെബ്സൈറ്റിൽ (www.cpcruok.com) ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, സെന്റർ ഫോർ ഫിലോസഫിക്കൽ കൗൺസിലിംഗ് ആന്റ് റിസർച്ച്, ഫിലോസഫി പഠനഗവേഷണ വകുപ്പി, കേരളസർവകലാശാല, കാര്യവട്ടം പി.ഒ., തിരുവനന്തപുരം, പിൻ – 695581, ഫോൺ നമ്പർ – 9447586802.

## സി.എ.സി.ഇ.ഇ - വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 3 മാസം, ക്ലാസുകൾ: തിയറി ഓൺലൈൻ/പ്രാക്ടിക്കൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് വൈകുന്നേരം 5 മുതൽ 7 വരെ, ഫീസ്:6,000/– രൂപ.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ നടത്തും, ഫീസ്:7,000/– രൂപ (പരീക്ഷാഫീസ് ഉൾപ്പെടെ).

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി.) കോഴ്സ്, യോഗ്യത: പ്ലസ്ടു/പ്രീ–ഡിഗ്രി, കാലാവധി: 6 മാസം, ക്ലാസുകൾ: ശനി, ഞായർ ദിവസങ്ങളിൽ – തിയറി ഓൺലൈൻ/പ്രാക്ടിക്കൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്, ഫീസ്:7,500/– രൂപ. ഫോൺ: 0471 – 2302523.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. ഡിപ്ലോമ ഇൻ യോഗാ തെറാപ്പി (ഈവനിംഗ്) കോഴ്സ്, യോഗ്യത: അംഗീകൃത സർവകലാശാല ബിരുദം, കാലാവധി: ഒരു വർഷം, ക്ലാസുകൾ: 5 മണി മുതൽ 7 മണി വരെ തിയറി ഓൺലൈൻ/പ്രാക്ടിക്കൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച്, ഫീസ്:19,500/– രൂപ.

www.keralauniversity.ac.in ൽ നിന്നും 28 –ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം ഡയറക്ടർ, സി.എ.സി.ഇ.ഇ, കേരള സർവകലാശാല പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കുക. അപേക്ഷ തപാലിൽ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഉയർന്ന പ്രായപരിധി ഇല്ല. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്), ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ – നവംബർ 18, സി.എൽ.ഐ.എസ്.സി., പി.ജി. ഡിപ്ലോമ ഇൻ യോഗാ തെറാപ്പി – നവംബർ 20.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം

06.11.2020

e-mail: ku.release@gmail.comwebsite: www.keralauniversity.ac.in University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098